നം.എ3/2378/2018/പ്ര.പ.ക.

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## സ്വാശ്രയമെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്.,പ്രവേശനം–2017 ബി.പി.എൽ. സ്കോളർഷിപ്പിനുവേണ്ടി ലഭിച്ച അപേക്ഷകളിൻമേൽ ജില്ലാ കളക്ടർമാരുടെ പരിശോധനാ റിപ്പോർട്ടിലെ വെയ്റ്റേജ് മാർക്ക് പ്രസിദ്ധീകരിച്ചു.

06.06.2018 തീയതിയിലെ ജി.ഒ.(എംഎസ്) 107/2018/ആ.കു.വ., 19.07.2018 തീയതിയിലെ ജി.ഒ.(എംഎസ്) 138/2018/ആ.കു.വ, 19.08.2018 തീയതിയിലെ ജി.ഒ.(എംഎസ്) 169/2018/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2017–18 അധ്യായന വർഷം മുതൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിനു പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ.വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ രൂപത്തിൽ ഫീസിളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017–18 അധ്യായന വർഷത്തിൽ എം.ബി.ബി.എസ് പ്രവേശനം ലഭിച്ചിരുന്ന വിദ്യാർത്ഥികളിൽ നിന്നും സ്കോളർഷിപ്പിനു വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചിരുന്നു. അതിൻ പ്രകാരം 203 അപേക്ഷകൾ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകൾ എല്ലാം തന്നെ സൂക്ഷ്മ പരിശോധനയ്ക്കും അർഹതാ പരിശോധനയ്ക്കുമായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചു നൽകിയിരുന്നു. വിവിധ ജില്ലാ കളക്ടർമാരിൽ നിന്നും 201 അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തി റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച 201 അപേക്ഷകളിന്മേലുള്ള പരിശോധന റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വെയിറ്റേജ് മാർക്ക് വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം–I ആയി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു (മേൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം മുപ്പതോ അതിൽ കൂടുതലോ വെയിറ്റേജ് മാർക്ക് ലഭ്യമായ വിദ്യാർത്ഥികൾ മാത്രമാണ് ബി.പി.എൽ സ്കോളർഷിപ്പിന് അർഹരായിട്ടുള്ളത്). പ്രസിദ്ധീകരിച്ചിരിക്കുന്ന വെയിറ്റേജ് മാർക്ക് സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **2019 മാർച്ച് 11–ാം തീയതി വൈകുന്നേരം 5 മണിക്ക്** മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നേരിട്ടോ തപാൽ മുഖേനെയോ പരാതികൾ നൽകാവുന്നതാണ്. നിശ്ചിത സമയപരിധിയ്ക്കു ശേഷം ലഭിക്കുന്ന പരാതികൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അത്തരത്തിൽ ലഭിക്കുന്ന പരാതികൾ സൂക്ഷ്മ പരിശോധനകൾക്കായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചു നൽകുന്നതും, ആയതിന്മേൽ ജില്ലാ കളക്ടർമാരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

തിരുവനന്തപുരം
26.02.2019

പ്രവേശന പരീക്ഷാ കമ്മീഷണർ